# ഡോ. നരഹരിയോട് ചുമലൊത്ത് നിന്നാൽ...

◆ ചന്ദ്രഗിരിക്കരയിൽ ◆

കെ.എം. അഹ്മദ്

ഇരുട്ടിനെ ശപിച്ചുകൊണ്ടിരിക്കുകയല്ല, ഒരു മെഴുകുതിരി കത്തിച്ചുവെക്കുകയാണ് വേണ്ടതെന്നു വിശ്വസിക്കുന്ന ഒരു ഡോക്ടർ കാസർകോട്ട് മനുഷ്യസേവനരംഗത്ത് അത്ഭുതം സൃഷ്ടിക്കുകയാണ്. ചർമ- ലൈംഗികരോഗ വിദഗ്ധനായ ഡോ.എസ്.ആർ. നരഹരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അപ്ലൈഡ്ഡർമറ്റോളജി എന്ന സ്ഥാപനത്തിലൂടെ നടത്തിക്കൊണ്ടിരിക്കുന്ന സേവനപ്രവർത്തനങ്ങൾ വൈകിയാണെങ്കിലും ബഹുജനശ്രദ്ധയാകർഷിച്ചിട്ടുണ്ട്.

അവയിൽ ഒടുവിലത്തേതാണ് എയ്ഡ്സ് രോഗികളുമായുള്ള അഭിമുഖം. വർഷങ്ങളായി എയ്ഡ്സ്, ചർമ്മരോഗം, മന്ത് തുടങ്ങിയവ ബാധിച്ചവരെ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും പുനരധിവാസത്തിനും ചിട്ടയായി പ്രവർത്തിച്ചുവരുന്ന സ്ഥാപനമായ ഐ.എ.ഡി ലാഭം ലക്ഷ്യമാക്കുന്നില്ല. സർക്കാർസഹായത്തെ ആശ്രയിക്കുന്നില്ല. സന്നദ്ധപ്രവർത്തനങ്ങളാണ് അതിന്റെ ബലം.

ലൈംഗികത്തൊഴിലാളികളെയടക്കം ഉൾപ്പെടുത്തി ലൈംഗികരോഗങ്ങൾക്കെതിരെ തെരുവിലിറങ്ങി നടത്തിയ ബോധവത്കരണത്തിനു നല്ല ഫലങ്ങളാണ് ഉളവായത്. പരമരഹസ്യമായി എയ്ഡ്സ് ബാധിതരുടെ വിവരങ്ങൾ ശേഖരിക്കാനും ചെലവൊന്നുമില്ലാതെ വിദഗ്ധപരിശോധന നടത്താനും ഐ.എ.ഡിക്കു സാധിച്ചു. അമ്പരപ്പിക്കുന്ന വിവരങ്ങളാണ് ഐ.എ.ഡി. നിരീക്ഷണപഠനങ്ങളിലൂടെ ലഭിച്ചത്. കാസർകോട്ട് എയ്ഡ്സ് രോഗികളുടെ എണ്ണം പെരുകിവരുന്നുവെന്നും ലൈംഗികത്തൊഴിലാളികളിലല്ല വീട്ടമ്മമാരിലാണ് എയ്ഡ്സ് ബാധിതർ അധികവും എന്ന കണ്ടെത്തലും ഐ.എ.ഡി. സമൂഹത്തിന്റെ അവബോധത്തിനുനൽകിയ ഞെട്ടിപ്പിക്കുന്ന വിവരങ്ങളായിരുന്നു. എയ്ഡ്സ് രോഗികൾതന്നെ മറയില്ലാതെ രംഗത്തുവന്ന് സമൂഹത്തിന്റെ പൊങ്ങച്ചങ്ങളെ കുത്തിപ്പൊട്ടിക്കുന്നതും ഐ.എ.ഡി.യുടെ പ്രവർത്തനങ്ങളിലൂടെ വെളിപ്പെട്ടു. എയ്ഡ്സ് രോഗികൾക്കുവേണ്ടി പ്രവർത്തിക്കുന്ന ഒരു പ്രത്യേകവിഭാഗം ഐ.എ.ഡി.പ്ലസ് എന്ന പേരിൽ ഉണ്ടാക്കുകയാണ് ഡോ.നരഹരി പിന്നീട് ചെയ്തത്. ഇതിന്റെ കൺവീനറായി വിമലയെന്ന ഒരു എച്ച്.ഐ.വി. ബാധിതയെത്തന്നെ അദ്ദേഹം കണ്ടെത്തി. വിമല, അവ്വാബി, കാവി, ശ്യാമള എന്നീ എയ്ഡ്സ് രോഗികളാണ് മുഖാമുഖത്തിൽ ഐ.എം. ഹാളിൽ നിറഞ്ഞ സമൂഹത്തിന്റെ പരിച്ഛേദത്തോട് സംസാരിച്ചത്. ഈ സ്ത്രീകളുടെ കുട്ടികളിൽ എച്ച്.ഐ.വി.ബാധിതരും അല്ലാത്തവരുമുണ്ട്. അവരുടെ ജീവിതം വഴിമുട്ടിനിൽക്കുകയാണ്. തങ്ങളുടേതല്ലാത്ത കുറ്റത്തിന് ശിക്ഷിക്കപ്പെടുന്ന കുട്ടികൾക്ക് പുസ്തകങ്ങൾ വേണ്ടേ, ഭക്ഷണവും വസ്ത്രവും വേണ്ടേ, അവർക്കു സമൂഹത്തിന്റെ ലാളനയും സ്നേഹവും വേണ്ടേ എന്നൊക്കെ ഈ സ്ത്രീകൾ ചോദിക്കുന്നുണ്ടായിരുന്നു. തികച്ചും രചനാത്മകമായ പ്രതികരണമാണ് സദസ്സിൽ നിന്നുണ്ടായത്. മതനേതാക്കളും ജില്ലാകലക്ടറും ഉദ്യോഗസ്ഥരും സംഘടനാപ്രവർത്തകരും വ്യാപാരികളും വ്യവസായികളും മാധ്യമപ്രവർത്തകരും ബാങ്ക് ഉദ്യോഗസ്ഥരുമൊക്കെ അവിടെ ഉണ്ടായിരുന്നു. സഹായ വാഗ്ദാനങ്ങളും ധാരാളം ലഭിച്ചു. പതർച്ചയൊന്നുമില്ലാതെയാണ് വിമല സംസാരിച്ചത്. സ്വന്തം ജീവിതദുരിതത്തിലല്ല പരസഹസ്രം എയ്ഡ്സ് രോഗികളുടെയും കുടുംബങ്ങളുടെയും വഴിമുട്ടിയ ജീവിതത്തിലായിരുന്നു വിമലയുടെ മനസ്സ് തറച്ചുനിന്നത്. മറ്റു സ്ത്രീകൾക്ക് അത്രയും പിടിച്ചുനിൽക്കാനായില്ല. അവരുടെ കണ്ണുകൾ നിറഞ്ഞൊഴുകിയിരുന്നു.

തൊണ്ട ഇടറിയിരുന്നു. എന്നാൽ വിമലയുടെ നിശ്ചയദാർഢ്യം അവരുടെ മുഖത്ത് പ്രകടമായി. പതറാതെ അവർ വാക്കുകളും ആശയങ്ങളും അവതരിപ്പിച്ചു. ഡോ.നരഹരി നൽകിയ പ്രോത്സാഹനവും പരിശീലനവുമാണതിനു കാരണം. കേരളമാകെ എയ്ഡ്സ് വിരുദ്ധ പ്രവർത്തന രംഗത്ത് ഒരാവേശമായി വിമല മാറിയിട്ടുണ്ട്.

എയ്ഡ്സ് വിരുദ്ധ പ്രവർത്തനങ്ങൾക്കു നൽകുന്ന പണം ഇത്തരം സ്ത്രീകളെയാണ് ഏല്പിക്കേണ്ടതെന്നും അവരുടെ പ്രതിബദ്ധത മറ്റുള്ളവരേക്കാൾ ശക്തമായിരിക്കുമെന്നും ഡോ.നരഹരി പറയുന്നു. മറ്റു പലതിനുമെന്നപോലെ എയ്ഡ്സ് വിരുദ്ധ പ്രവർത്തനത്തിനും സർക്കാർ ഒഴുക്കുന്ന കോടികൾ വഴിയിലെ മണ്ണുകുടിച്ചു കളയുന്ന സ്ഥിതിമാറാനും അതേ വഴിയുള്ളൂ.